**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 430

21/10/2016 - ൽ മറുപടിക്ക്

## 'പൊലിവ്' പദ്ധതി

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. വി.കെ.സി.മമ്മത് കോയ<br>ശ്രീമതി യു. പ്രതിഭ ഹരി | | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | കുടുംബശ്രീ സംഘങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള 'പൊലിവ്' പദ്ധതിയുടെ ലക്ഷ്യം വിശദമാക്കുമോ; | (എ) | കുടുംബശ്രീ സംഘടനാ സംവിധാനത്തെ ശാക്തീകരിക്കുന്നതിനും പഞ്ചശീല (ശുദ്ധജലം, മാലിന്യ സംസ്ക്കരണം, വൃത്തിയുള്ള പരിസരം, നല്ല ജീവിതശൈലി, നല്ല ആരോഗ്യം) കാർഷിക-ആരോഗ്യ സംസ്കാരം വളർത്തുക എന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ടു കുടുംബശ്രീ കേരളമൊട്ടാകെ 2016 ജൂൺ മാസം ആസൂത്രണം ചെയ്ത് ആരംഭിച്ച ഒരു ക്യാമ്പെയിനാണ് 'പൊലിവ്'. |
| (ബി) | പഞ്ചശീല കാർഷിക ആരോഗ്യ സംസ്കാരം വളർത്തുന്നതിനായി സംഘങ്ങളെ പ്രാപ്തമാക്കുന്നത് എങ്ങനെയാണ്; | (ബി) | കുടുംബശ്രീ ഗ്രൂപ്പുകൾക്ക് പഞ്ചശീല ആരോഗ്യ കാർഷിക സംസ്കാര പ്രവർത്തനങ്ങളെ കുറിച്ച് മാർഗ്ഗനിർദ്ദേശം നൽകുകയും ആഴ്ചതോറുമുള്ള അയൽക്കൂട്ട യോഗങ്ങളിൽ ടി വിഷയം അജണ്ടയാക്കി അംഗങ്ങൾക്കിടയിൽ ചർച്ച നടത്തുകയും ആശയ വിനിമയത്തിന് പ്രാപ്തരാക്കുകയും ചെയ്യുന്ന തുടർ പ്രവർത്തനങ്ങളായി പൊലിവ് പദ്ധതി കുടുംബശ്രീ സംഘടനാസംവിധാനത്തിലൂടെ നടത്തുന്നുണ്ട്. |
| (സി) | ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംഘങ്ങൾക്ക് എന്തൊക്കെ സഹായങ്ങൾ ലഭ്യമാക്കുന്നുണ്ട്; | (സി) | നിലവിൽ സംഘകൃഷി പദ്ധതിയുടെ ഭാഗമായി 59478 സംഘകൃഷി ഗ്രൂപ്പുകൾ കുടുംബശ്രീയിൽ പ്രവർത്തിച്ചു വരുന്നുണ്ട് ഈ ഗ്രൂപ്പുകൾക്ക് വിളവനുസരിച്ചുള്ള കാർഷിക ഇൻസെന്റീവും പലിശരഹിത വായ്പയും നൽകുന്നുണ്ട്. ഇതിനുപുറമേ കൃഷിയ്ക്കാവശ്യമായ പരിശീലനവും മറ്റു വകുപ്പുകളുമായി സംയോജിച്ചുള്ള പരിശീലനവും ഉറപ്പുവരുത്തുന്നുണ്ട് ഇതിനായി 97482 മാസ്റ്റർ കർഷകരെ കണ്ടെത്തുകയും പരിശീലനം |

| | | | |
|---|---|---|---|
| | | | നൽകുകയും ചെയ്തിട്ടുണ്ട് പൊലിവ് പദ്ധതിയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച സിഡിഎസ്സ്-അയൽക്കൂട്ടങ്ങൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകുന്നതാണ്. |
| (ഡി) | ഉല്പന്നങ്ങളുടെ വിപണി വിപുലീകരിക്കുന്നതിനായി എന്തു സഹായമാണ് നൽകുന്നത് ? | (ഡി) | കുടുംബശ്രീ വിപണി വിപുലീകരിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തുകളിൽ ആഴ്ച ചന്തയും മാസചന്തയും സംഘടിപ്പിക്കുന്നുണ്ട് ഇതിനു പുറമേ ഉത്സവ ചന്തകളും നടത്താറുണ്ട് |

സെക്ഷൻ ഓഫീസർ